ഉത്തരം

ആധാരങ്ങളിൽ ഫോട്ടോയും വിരൽപ്പതിപ്പും നിർബന്ധമാക്കിയത് മൂലം വസ്തു രജിസ്ട്രേഷനിൽ കുറവ് വന്നിട്ടില്ല.

"ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളും ജലസ്രോതസ്സുകളും സംരക്ഷിക്കുന്ന പദ്ധതി"

196 (6115) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷേത്രങ്ങളോടനുബന്ധിച്ച് കാവുകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ബന്ധപ്പെട്ട ക്ഷേത്ര ഉപദേശക സമിതികളുടെ സഹകരണം നേടുന്നതിനും ഭക്തജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(സി) ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡ് ജീർണ്ണോദ്ധാരണ ഗ്രാന്റ് അനുവദിക്കുമ്പോൾ ക്ഷേത്രങ്ങളിലെ കുളങ്ങളും ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകൾക്ക് അർഹമായ പരിഗണന നൽകിവരുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് അതാത് പ്രദേശങ്ങളിലെ ദേവസ്വം ഭരണാധികാരികളുടേയും, ക്ഷേത്രോപദേശക സമിതികളുടേയും നിർദ്ദേശങ്ങൾ പരിഗണിച്ചും പ്രാധാന്യം കണക്കിലെടുത്തും കുളങ്ങളും ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രക്കുളങ്ങൾ അതാത് ഗ്രാമപഞ്ചായത്തുകളുടെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നുണ്ട്.

ഗുരുവായൂർ ദേവസ്വത്തിൻകീഴിലുള്ള എല്ലാ ജലസ്ത്രോതസ്സുകളും സംരക്ഷിക്കാൻ യഥാസമയം നടപടി സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലബാർ ദേവസ്വം ബോർഡിൽ അതാത് ക്ഷേത്രഭരണാധികാരികളും ഭക്തജനങ്ങളും ചേർന്നാണ് ഇത്തരം പദ്ധതികൾ ചെയ്തുവരുന്നത്. കൊച്ചി ദേവസ്വം ബോർഡും ഇക്കാര്യത്തിൽ ക്ഷേത്ര ഉപദേശകസമിതികളുടെ സഹായം തേടുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡും ഇക്കാര്യത്തിൽ ക്ഷേത്രോപദേശക സമിതികളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

"തീർത്ഥാടന ടൂറിസം"

197 (6116) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ദേവസ്വം ബോർഡിന്റെ കീഴിൽ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ തീർത്ഥാടന ടൂറിസം വികസിപ്പിക്കാൻ സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഏതൊക്കെ തീർത്ഥാടന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതി വിജയിപ്പിക്കുന്നതിനായി സ്വകാര്യ ടൂറിസ്റ്റ് സംരംഭകരെ സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള കുറച്ചു ക്ഷേത്രങ്ങൾ ഒരു പിൽഗ്രിം സർക്യൂട്ടിൽ ഉൾപ്പെടുത്തി ധാരണാപത്രം തയ്യാറാക്കുന്ന കാര്യം ആലോചനയിലുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

"തീർത്ഥാടന ടൂറിസം"

198 (6117) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ടൂറിസം വകുപ്പുമായി സഹകരിച്ച് പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly